പതിനാലാം കേരള നിയമസഭ
9-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1851.** **01.02.2018-ൽ മറുപടിയ്ക്ക്**

## കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ

ചോദ്യം

**ശ്രീ.മുല്ലക്കര രത്നാകരൻ :**

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ ക്ഷോഭങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയുവാൻ ഉതകുന്ന കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; നിലവിലുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മറുപടി

**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് യഥാസമയം വിവരം ലഭ്യമാക്കുവാൻ ശാസ്ത്രീയ സംവിധാനം ഉണ്ടാകണമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ, കടൽക്ഷോഭം ഉണ്ടാകുമ്പോഴും, കടൽമേഖലയിലെ കാറ്റിന്റെ വേഗം അപകടകരമായി ഉയരുമ്പോഴും (45 Km/hr) മത്സ്യബന്ധനത്തിന് പോകുന്നവർക്ക് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ദൂരദർശനിലൂടെയും റേഡിയോയിലൂടെയും മുന്നറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ, ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന INCOIS (India National Centre for Ocean Information Services) എന്ന സ്ഥാപനവും കടൽക്ഷോഭങ്ങളെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ